(സി) പരമ്പരാഗത കയറുല്പാദന മേഖല ആധുനീകരിക്കുന്നതിന് കയർ ഉല്പാദകർക്ക് പ്രത്യേക പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് കയർബോർഡ് വിഭാവനം ചെയ്തിട്ടുള്ള പരിപാടി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തുനിന്ന് എത്രപേർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കയറിന്റെ ഉപയോഗം വർധിപ്പിക്കുന്നതിന് കൂടുതൽ കയറുല്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി എൻ.സി.ഡി.സി യുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിവരുന്നു. ഈ പദ്ധതി പ്രകാരം സഹകരണമേഖലയിൽ വിവിധതരം കയറുല്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുവാൻ പ്രോജക്ട് ചെലവിന്റെ 65 ശതമാനം വായ്പയായും 30 ശതമാനം ഓഹരിയായും നൽകുന്നു. കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനവും ഉപയോഗവും വർധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്കു രൂപം നൽകിവരുന്നു. 2000-2001 വർഷം ഭൂവസ്ത്രവർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ മേഖലയിൽ വന്പിച്ച വികസന സാധ്യത ലക്ഷ്യമിട്ടുകൊണ്ട് വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി) ഉണ്ട്

(സി) ഉണ്ട്.

(ഡി) കയർബോർഡ് പരിശീലനം കൊടുത്ത പരിശീലകരെകൊണ്ട് പരമ്പരാഗത കയർപിരി തൊഴിലാളികൾക്ക് യന്ത്രവല്കൃത റാട്ടിൽ ഗുണമേന്മയുള്ള കയർ പിരിക്കുന്നതിന് പരിശീലനം നൽകുന്ന പദ്ധതിയാകയാൽ യന്ത്രവൽകൃത റാട്ടിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കു പരിശീലനം നൽകാനുള്ളതാണ്. അതിനാൽ തൊഴിലാളികളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല.

50 (626) കയർ മേഖലയുടെ വികസനം

പ്രൊഫ: എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയുടെ വികസനത്തിൽ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) ഇവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കയറുല്പന്നങ്ങൾ കെട്ടികിടക്കുന്നത് വിറ്റഴിക്കുന്നതിനും പുതിയ വിപണി കണ്ടെത്തുന്നതിനും കയർ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(ബി) സംസ്ഥാനത്ത് കയർ മേഖലയുടെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളും അവയുടെ വിശദാംശവും[+] അനുബന്ധമായി ചേർത്തിട്ടുണ്ട്.

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെട്ടിക്കിടക്കുന്ന കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വിപണനം ത്വരിതപ്പെടുത്തുന്നതിന് 20% റിബേറ്റ് നൽകുന്ന പദ്ധതി കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ നടപ്പാക്കിവരുന്നു. റിബേറ്റിനത്തിൽ 7,33,49,905 രൂപ കേന്ദ്രഗവൺമെന്റിൽ നിന്നും റീഇംബേഴ്സ് ചെയ്തുകിട്ടാനുണ്ട്. ഇത് ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. കൂടുതൽ വില്പനശാലകൾ അനുവദിക്കുന്നതിന് മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്കും, കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നീ സ്ഥാപനങ്ങൾക്കും ഒരു വില്പനശാല ആരംഭിക്കുവാൻ ഒരു ലക്ഷം രൂപവരെ ഗ്രാന്റു നൽകുന്നു. കയറിന്റെ ഉപയോഗം വർധിപ്പിക്കുന്നതിന് കയറുല്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാൻ ധനസഹായം നൽകുന്നു. കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനവും ഉപയോഗവും വർധിപ്പിക്കുന്നത് ഒരു ബൃഹത്പദ്ധതി 2000-2001 വർഷം മുതൽ നടപ്പാക്കാനും പദ്ധതി ആവിഷ്കരിച്ചുവരുന്നു. ആയതിലേക്ക് 2000-2001 വർഷം ഭൂവസ്ത്രവർഷമായി ആചരിക്കുന്നു. കയർ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള ഒരു പദ്ധതി 1997-98 മുതൽ നടപ്പാക്കിവരുന്നു. 50% വായ്പയും 50% ഗ്രാന്റുമായിട്ടാണ് സാമ്പത്തികസഹായം നൽകിവരുന്നത്. പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് 5 ലക്ഷം രൂപവരെയും, മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്ക് 5 ലക്ഷം രൂപ വരെയും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയുമാണ് ഈ പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നത്.

51 (627) കെ.എസ്.ഐ.ഡി.സിയുടെ ധനസഹായം

ശ്രീ. പി.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷം സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നത് കെ.എസ്.ഐ.ഡി.സി സഹായം നൽകിയിട്ടുണ്ട്; അവ ഏതൊക്കെ; ഓരോന്നിലും എത്ര രൂപ കെ.എസ്.ഐ.ഡി.സി. മുടക്കിയിട്ടുണ്ട്; കെ.എസ്.ഐ.ഡി.സി ധനസഹായത്തോടെ ആരംഭിച്ച എല്ലാ വ്യവസായ സ്ഥാപനങ്ങളും ഇപ്പോൾ സുഗമമായി നടത്തുന്നുണ്ടോ;

(ബി) കെ.എസ്.ഐ.ഡി.സി. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി സംസ്ഥാനത്ത് ഏതൊക്കെ മേഖലയിലാണ് പണം മുടക്കിയിട്ടുള്ളത്; ഇതിൽ സംയുക്ത സംരംഭം ഏതാണ്; കെ.എസ്.ഐ.ഡി.സിയിൽ നിന്നും വായ്പ ലഭിക്കുവാൻ ഇപ്പോഴുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്താണ്; വായ്പ അനുവദിക്കുന്നതിന് കെ.എസ്.ഐ.ഡി.സിയിൽ എത്ര കാലതാമസം ഉണ്ടാകുന്നുണ്ട്;

(സി) വായ്പ അനുവദിക്കുവാൻ ലഭിച്ച എത്ര അപേക്ഷകളിൽ കെ.എസ്.ഐ.ഡി.സി തീരുമാനം എടുക്കുവാൻ ബാക്കിയുണ്ട്; അവ ഏതൊക്കെ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് കെ.എസ്.ഐ.ഡി.സി. സാമ്പത്തിക സഹായം നൽകിയ 193 വ്യവസായപദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly